**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യ വകുപ്പ് - ബഡ്ജറ്റ് വിഹിതം 2021-22 - വള്ളികുന്നം ഗ്രാമ പഞ്ചായത്ത് - 2020-21 ലെ 12ാം ഗഡുവിൽ നിന്നും ഇ.എം.എസ് ഭവനപദ്ധതിക്ക് ഈടാക്കിയ തുക - തിരികെ അനുവദിച്ചത് - സാംഖ്യ വെബ്ബിൽ തെറ്റായ ശീർഷകത്തിൽ അനുവദിച്ചത് പുനഃരനുവദിച്ച് ഉത്തരവാകുന്നു.

---

**ധനകാര്യ (എസ്.എഫ്. സി സെൽ - എ) വകുപ്പ്**

സ.ഉ.(സാധാ) നം.4760/2021/ധന തീയതി, തിരുവനന്തപുരം, 01 ജൂലൈ 2021

---

പരാമർശം. 1) സ.ഉ.(സാധാ)നം.3204/2021/ധന തീയതി 30/03/2021

2) വള്ളികുന്നം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 21/04/2021 ലെ കത്ത്.

3) ട്രഷറി ഡയറക്ടറുടെ 24/06/2021 ലെ TRY/2029/2021-E2 നമ്പർ കത്ത്.

**ഉത്തരവ്**

2020-21 സാമ്പത്തിക വർഷം വള്ളികുന്നം ഗ്രാമ പഞ്ചായത്തിന് അനുവദിച്ച 12ാം ഗഡു പൊതു ആവശ്യ ഫണ്ടിൽ നിന്നും ഇ.എം.എസ് ഭവനപദ്ധതി കുടിശ്ശിക ഇനത്തിൽ ഈടാക്കിയ തുക ടി പഞ്ചായത്ത് നേരിട്ട് അടവാക്കിയിട്ടുള്ളതിനാൽ പരാമർശം (1)ലെ ഉത്തരവ് പ്രകാരം തിരികെ അനുവദിച്ചിരുന്നത് സാംഖ്യ വെബ്ബിൽ വികസന ഫണ്ടിന്റെ ശീർഷകത്തിലാണ് അനുവദിച്ചതെന്നും പൊതു ആവശ്യ ഫണ്ടിന്റെ ശീർഷകത്തിൽ അനുവദിക്കണമെന്നുള്ള അപേക്ഷ പരാമർശം (1) പ്രകാരം വള്ളികുന്നം ഗ്രാമ പഞ്ചായത്ത്സെക്രട്ടറി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

2) വള്ളികുന്നം ഗ്രാമപഞ്ചായത്ത് 2020-21 സാമ്പത്തിക വർഷം പൊതു ആവശ്യ ഫണ്ടിനത്തിൽ 3604-00-200-88-(05)-NP എന്ന ശീർഷകത്തിൽ നിന്നും 11,57,300/- രൂപ 11 തവണകളായും 3,67,123/- രൂപ ഒരു തവണയും ട്രഷറിയിൽ ബില്ല് സമർപ്പിച്ച് പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് വരവ് വെച്ചിട്ടുണ്ടെന്നും കത്തിൽ പരാമർശിക്കുന്ന തുകയായ 11,58,700/- രൂപ പഞ്ചായത്തിന്റെ പൊതു ആവശ്യ ഫണ്ടിന്റെ ശീർഷകത്തിൽ നിന്നോ വികസന ഫണ്ടിന്റെ ശീർഷകത്തിൽ നിന്നോ 2020-21 സാമ്പത്തിക വർഷം ട്രഷറി വഴി മാറി നൽകിയിട്ടില്ലായെന്നുമാണ് പരാമർശം (2) പ്രകാരം ട്രഷറി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും വള്ളികുന്നം ഗ്രാമപഞ്ചായത്തിന് പരാമർശം (1)ലെ ഉത്തരവ് പ്രകാരം തിരികെ അനുവദിച്ച തുകയായ 11,58,700/- രൂപ (പതിനൊന്ന് ലക്ഷത്തി അൻപത്തി എണ്ണായിരത്തി എഴുന്നൂറ് രൂപ മാത്രം) വള്ളികുന്നം ഗ്രാമപഞ്ചായത്തിന്

(G041102) '3604-00-200-83-(05)-NP' എന്ന ശീർഷകത്തിൽ പുനഃരനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സുരേഷ് കുമാർ ഒ ബി**
**ധനകാര്യ ഡെപ്യൂട്ടി സെക്രട്ടറി**

സ്വീകർത്താവ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
സെക്രട്ടറി, വള്ളികുന്നം ഗ്രാമ പഞ്ചായത്ത്
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പഞ്ചായത്ത് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
ധനകാര്യ ( ബി.ഡബ്ല്യു-ജെ/ ഡെവലപ്. വിംഗ്) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇ-1782868)

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ